# തീരപരിപാലന
# കരടു വിജ്ഞാപനം 2008
# അവലോകനം
# ചെയ്യുന്നതിനായി
# പ്രഫ. എം. എസ്. സ്വാമിനാഥൻ
# അദ്ധ്യക്ഷനായി രൂപീകരിച്ച
# വിദഗ്ധ സമിതി 2009 ജൂലൈ
# 16-നു സമർപ്പിച്ച റിപ്പോർട്ടിന്റെ
# സംക്ഷിപ്ത രൂപം

1. തീരപ്രദേശത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വനം-പരിസ്ഥിതി മന്ത്രാലയം തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം 1991 ( സി. ആർ. സെഡ്- കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ-1991) പുറപ്പെടുവിക്കുകയുായി. തീരദേശ നിയന്ത്രണ മേഖല - സി. ആർ. സെഡ്) പ്രദേശത്തെ വിവിധ പ്രവർത്തനങ്ങൾ പ്രസ്തുത വിജ്ഞാപനം മുഖേന നിയന്ത്രിക്കപ്പെട്ടിരുന്നു.

2. 1991-ൽ നടപ്പായതു മുതൽ 2009 വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ വിജ്ഞാപനം 25 ഭേദഗതികൾക്കു വിധേയമായിട്ടു്.

3. ഇതുമായി ബന്ധപ്പെട്ട വ്യത്യസ്ത വിഷയങ്ങൾ സമഗ്രമായ രൂപത്തിൽ പരിശോധിക്കുന്നതിനായി പ്രഫ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു വിദഗ്ധസമിതിക്ക് മന്ത്രാലയം 2004 ജൂൺ മാസത്തിൽ രൂപം നല്കി. ഈ സമിതി 2005-ൽ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. സമിതിയുടെ ശുപാർശകൾ അടിസ്ഥാനമാക്കിക്കൊ് തീരപരിപാലന മേഖലാ കരടുവിജ്ഞാപനം 2008 മെയ് ഒന്നിന് വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിക്കുകയുായി. വിജ്ഞാപന തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച് 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന് അനുസൃതമായി പൊതുജനങ്ങളിൽ നിന്ന് നിർദേശങ്ങളും പരാതികളും സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് 2008 മെയ് ഒമ്പതിന് ഭേദഗതിയും പുറപ്പെടുവിച്ചിരുന്നു. പരാതികളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥനയെത്തുടർന്ന് കരടുവിജ്ഞാപനം 2008 ജൂലൈ 22-ന് പുനർവിജ്ഞാപനം ചെയ്യുകയുായി. പരിസ്ഥിതി (സംരക്ഷണ) നിയമം 1986 പ്രകാരം ഏതെങ്കിലും കരടുവിജ്ഞാപനം അതു പുറത്തിറക്കിയ തീയതി മുതൽ 365 ദിവസത്തിനുള്ളിൽ അന്തിമ രൂപം സ്വീകരിക്കുന്നില്ലെങ്കിൽ അസാധുവായി മാറുന്നതാണ്.

4. തീരപരിപാലന മേഖലാ കരടുവിജ്ഞാപനം 2008 സംബന്ധിച്ച് പ്രാദേശിക ജനസമൂഹങ്ങളുടെയും സന്നദ്ധസംഘടനകളുടെയും അഭിപ്രായം സമാഹരിക്കുന്നതിന് അഹമ്മദാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ എൻവയൺമെന്റ് എഡ്യൂക്കേഷനെ (ഡി.ഇ.ഇ.) വനം-പരിസ്ഥിതി മന്ത്രാലയം ചുമതലപ്പെടുത്തുകയുായി.

5. തീരപരിപാലന മേഖലാ കരടു വിജ്ഞാപനം സംബന്ധിച്ച് മന്ത്രാലയത്തിന് വളരെയധികം നിർദേശങ്ങളും പരാതികളും ഇതിനകം ലഭിച്ചിട്ടു്. ഇവയ്ക്കുപുറമെ വിവിധ തീരദേശ സംസ്ഥാനങ്ങളിലെ പ്രാദേശിക ജനസമൂഹങ്ങളുമായുള്ള സംവാദങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് സി ഇ ഇ യും മന്ത്രാലയത്തിനു സമർപ്പിച്ചിട്ടു്. വിവിധതീരദേശ സംസ്ഥാനങ്ങളിൽ നാലായിരത്തോളം ജനങ്ങൾ പങ്കെടുത്ത 35 യോഗങ്ങളിൽ നിന്നാണ് ഈ റിപ്പോർട്ടിനാവശ്യമായ വസ്തുതകൾ ശേഖരിച്ചത്.

6. ഇതിനുപുറമെ തീരപരിപാലന മേഖലാ കരടുവിജ്ഞാപനം 2008-ന്റെ വിവിധ വിവക്ഷകൾ ശാസ്ത്രസാങ്കേതികവിദ്യയ്ക്കും പരിസ്ഥിതി-വനം എന്നിവയ്ക്കും വേിയുള്ള പാർലമെന്ററി സമിതികൾ 2008 നവംബർ-ഡിസംബർ കാലയളവിൽ പരിശോധിക്കുകയായി. പാർലമെന്ററി സമിതി തയ്യാറാക്കിയ റിപ്പോർട്ട് 2009 മാർച്ചിൽ മന്ത്രാലയത്തിൽ ലഭിക്കുകയും ചെയ്തു.

7. പാർലമെന്ററി സമിതികളുടെ ശുപാർശകൾ ഉൾപ്പെടെ മേൽപ്പറഞ്ഞ നിർദേശങ്ങളും പരാതികളും പരിശോധിക്കുന്നതിനും രാജ്യത്തിനു പൊതുവായ തീരദേശപരിപാലന സമീപനം രൂപപ്പെടുത്തുന്നതിനുമായി പ്രഫ. എം. എസ് സ്വാമിനാഥൻ അദ്ധ്യക്ഷനായുള്ള നാലംഗ വിദഗ്ധസമിതിക്ക് മന്ത്രാലയം 2009 ജൂൺ 15-ന് രൂപം നല്കുകയുായി. ഈ സമിതിയുടെ പരിഗണനയ്ക്കുള്ള വിഷയങ്ങൾ (1) തീരപരിപാലന മേഖലാ കരടു വിജ്ഞാപനം 2008 സംബന്ധിച്ച് മന്ത്രാലയത്തിനു ലഭിച്ച നിർദേശങ്ങൾ പരിശോധിക്കുക. (2) സംയോജിത തീരമേഖലാ പരിപാലനത്തിനാവശ്യമായ നയവും നിയമഘടനയും രൂപപ്പെടുത്തുന്നതിന് ഉപദേശങ്ങൾ നല്കുക എന്നിവയാണ്. തീരപരിപാലന മേഖലാ കരടു വിജ്ഞാപനം 2008 സംബന്ധിച്ച് വനം പരിസ്ഥിതി മന്ത്രാലയത്തിൽ കൈപ്പറ്റിയ വിവിധ നിർദേശങ്ങൾ സമിതി അവലോകനം ചെയ്യുകയും മന്ത്രാലയത്തിന് കരടു വിജ്ഞാപനം സംബന്ധിച്ച് നിർദേശങ്ങൾ സമർപ്പിച്ച വ്യത്യസ്ത സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി അഞ്ചുയോഗങ്ങൾ വിളിച്ചുചേർക്കുകയുമുായി. യോഗങ്ങളുടെ വിശദവിവരം ചുവടെ:

- 2009 ജൂൺ 27- തീരദേശ നിയന്ത്രണ മേഖല (സി. ആർ. സെഡ്), തീരപരിപാലന മേഖല (സി. എം. സെഡ്) എന്നിവ സംബന്ധിച്ച തർക്കങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗം.
- 2009 ജൂലൈ 7-കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ പ്രതിനിധികളുമായി യോഗം

- 2009 ജൂലൈ 8- വാണിജ്യ, വ്യവസായ ചേംബറുകളുടെ പ്രതിനിധികളെ സന്ദർശിക്കുന്നതിനു യോഗം.
- 2009 ജൂലൈ 11-സന്നദ്ധസംഘടനകളുടെയും മത്സ്യത്തൊഴിലാളി സംഘടനകളുടെയും പ്രതിനിധികൾക്കൊപ്പം യോഗം.
- 2009 ജൂലൈ 16- റിപ്പോർട്ടിനു രൂപം നല്കുന്നതിനുള്ള യോഗം.

8. വിദഗ്ധസമിതി 2009- ജൂലൈ 16-നു റിപ്പോർട്ട് സമർപ്പിക്കുകയും മന്ത്രാലയം ആ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. വിദഗ്ധസമിതിയുടെ കണ്ടെത്തലുകൾ ചുവടെ പറയുന്നു.

- തീരപരിപാലന മേഖലാ കരടു വിജ്ഞാപനത്തിനെതിരെ വ്യാപകമായ എതിർപ്പ് നിലവിലു്. മന്ത്രാലയത്തിന് നിർദേശങ്ങൾ രേഖാമൂലം സമർപ്പിച്ച എട്ടു സംസ്ഥാനങ്ങളും തീരപരിപാലന മേഖലാ കരടു വിജ്ഞാപനം 2008 പിൻവലിക്കണമെന്നാണ് ശുപാർശ ചെയ്യുന്നത്. മത്സ്യത്തൊഴിലാളി സംഘടനകളും പരിസ്ഥിതി സന്നദ്ധസംഘടനകളും ഒരേപോലെ കരടു വിജ്ഞാപനത്തെ നിരാകരിക്കുന്നു.
- കരടു വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന ശാസ്ത്രീയ പരിപാലന ക്രമം ദുർവ്യാഖ്യാനത്തിനും ദുരുപയോഗത്തിനും വഴിതുറക്കുന്നതായിരിക്കും എന്നു വ്യാപകമായ ആശങ്ക നിലവിലു്. ഇതു സംബന്ധിച്ച് ഉപയോഗിച്ചിരിക്കുന്ന ശാസ്ത്രീയ സംജ്ഞകൾ സംബന്ധിച്ച് അർത്ഥഭേദങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു. അതിലുപരിയായി നിർദേശിക്കപ്പെട്ടിരിക്കുന്ന അതിർരേഖ സംബന്ധിച്ച് അടിസ്ഥാനപരമായ ആശയക്കുഴപ്പം നിലവിലു്.
- ശാസ്ത്രീയവും സ്ഥിതിവിവര സംബന്ധവുമായ പ്രശ്നങ്ങളാൽ സങ്കുലിതമാണ് നിലവിൽ നിർദേശിക്കപ്പെട്ടിരിക്കുന്ന അതിർരേഖ എന്നതിലും ഇതുമൂലം നിർവഹണ ഘട്ടത്തിൽ കാലവിളംബം ഉാകുമെന്നതിലും എല്ലാവിഭാഗങ്ങളും ഏറെക്കുറെ ഒരേ അഭിപ്രായമാണു പുലർത്തുന്നത്.
- അതിർ രേഖ നിർണ്ണയിക്കുന്നതിനും സംയോജിത തീര മേഖലാ പരിപാലന പദ്ധതിക്കു കേന്ദ്രഗവൺമെന്റ് രൂപം നൽകി അനുമതി നല്കുന്നതിനുമിടയിൽ വരുന്ന കാലം നിക്ഷിപ്ത താല്പര്യ സംഘങ്ങളുടെ തിരക്കിട്ട പ്രവർത്തനങ്ങൾക്ക് അവസരമാകുമെന്ന് പൊതുവേ ആശങ്കപ്പെടുന്നു.
- മത്സ്യത്തൊഴിലാളി ജനവിഭാഗങ്ങളുടെ ഉപജീവന അവകാശങ്ങൾ കരടുവിജ്ഞാപനം അവഗണിക്കുന്നതായി പരാതി ഉയർന്നിരിക്കുന്നു.
- ചിരസ്ഥായിയായ തീരദേശപരിപാലനത്തിനായുള്ള ദേശീയ ബോർഡിൽ തങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന് ഏതാനും ഏജൻസികൾ ആവശ്യം ഉന്നയിച്ചിട്ടുമു്. നിലവിൽ 32 അംഗങ്ങളാണ് ഈ ബോർഡിലുള്ളത്.

- തീരപരിപാലന മേഖലാ കരടു വിജ്ഞാപനം സംബന്ധിച്ച് പല സംഘങ്ങളും തർക്കങ്ങൾ ഉന്നയിക്കുമ്പോൾ തന്നെ നിലവിലുള്ള തീര ദേശ നിയന്ത്രണ മേഖലാ സമ്പ്രദായത്തിന്റെ പ്രശ്നങ്ങൾ മിക്കവരും ചൂിക്കാട്ടുന്നുമു്. അതിനാൽ തീരദേശ നിയന്ത്രണമേഖലാ വിജ്ഞാ പനത്തിൽ ഭേദഗതികൾ ആവശ്യമാണെന്നും അവർ ആവശ്യപ്പെടുന്നു. നടപ്പുസമ്പ്രദായം അതിന്റെ നിർവഹണപരമായ കാര്യത്തിൽ തീരെ ദുർബ ലമാണെന്നും ഇതിന്റെ ലംഘനങ്ങൾ സാധാരണമാണെന്നും ചൂിക്കാ ണിക്കപ്പെടുന്നു. ചുവടെ പറയുന്ന ശുപാർശകളാണ് അതിനാൽ സമിതി മുന്നോട്ടു വയ്ക്കുന്നത്.

1. **തീരദേശ നിയന്ത്രണമേഖലയിലെ അതിക്രമങ്ങൾ നിയന്ത്രിക്കുക. ബഹി രാകാശസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നടപടികൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ശാക്തീകരണം, നിയമ-നിയന്ത്രണ പരി ഷ്ക്കാരങ്ങൾ എന്നിവയിലൂടെ ഇത്തരം അതിക്രമങ്ങൾ നിയന്ത്രിക്കാ നാകും.**

- ഉപഗ്രഹ സാങ്കേതിക വിദ്യ, വിവര സാങ്കേതിക വിദ്യ എന്നിവയുടെ സഹായത്തോടെ കൃത്യമായ തീരദേശ ഭൂപടം തയാറാക്കുകയും ഓരോ കാലത്തും നടക്കുന്ന നിയമലംഘനങ്ങൾ ഇതിന്റെ സഹായത്തോടെ അപ്പപ്പോൾ തന്നെ നിയന്ത്രിക്കുകയും ചെയ്യുക. തീരദേശഭൂപടം തയാ റാക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ തീരമേഖലയിലെ അതി ക്രമങ്ങളും മാറ്റങ്ങളും സബന്ധിച്ച് അധികൃതരെ അവ സംഭവിക്കുന്ന സമയം തന്നെ അറിയിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കു ന്നതിനും വനം പരിസ്ഥിതി മന്ത്രാലയം ദേശീയതല പദ്ധതിക്കു രൂപം നല്കണമെന്നു സമിതി നിർദേശിക്കുന്നു.
- വിവിധ നിയന്ത്രണങ്ങൾക്കനുസൃതമായ തിരുത്തൽ നടപടികൾ ഏകീ കരിക്കേണ്ടത് അത്യാവശ്യമാണ്. എന്നിരിക്കിലും പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിന് അധികജാഗ്രതയും കാർക്കശ്യവും കൂടിയേ തീരൂ. നില വിലുള്ള സാഹചര്യത്തിൽ വിവിധപദ്ധതികളിലെ തിരുത്തൽ നടപടി കൾ സംബന്ധിച്ച് ഒട്ടുമിക്കസന്ദർഭങ്ങളിലും പരിസ്ഥിതി സെക്രട്ടറി അദ്ധ്യ ക്ഷനായുള്ള സംസ്ഥാനതലസമിതികൾ പ്രധാനമായും പ്രസ്താവനകൾ നടത്തുക മാത്രമാണ് ചെയ്യുന്നതെന്നു സമിതി നിരീക്ഷിക്കുന്നു. ഇതിന്റെ ഫലമോ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാ നത്തിൽ ഏതേതു ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാണോ ഇവരെ അധികാരപ്പെടുത്തിയിരിക്കുന്നത് ആ നിയന്ത്രണങ്ങൾ നടപ്പാക്കുന്നതിന് സമയം തികയാതെ വരുന്നു.
- തീരമേഖലാ പരിപാലനത്തിനുള്ള സംസ്ഥാനതല അധികൃതരുടെ കാര്യ ശേഷി വർദ്ധിപ്പിക്കുക. കൂടുതൽ മെച്ചമായ തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്നവിധത്തിൽ വിവരസ്രോതസ്സുകൾ സജ്ജമാക്കുക എന്ന

താണ് ഇതിനു പ്രധാനമായും വേണ്ടത്. സി. ആർ. സെഡ് അടിസ്ഥാന മാക്കിയുള്ള തിരുത്തൽ നടപടികളും ഇവയ്ക്ക് ഇ. ഐ. എ. തിരുത്തൽ നടപടികളുമായുള്ള ബന്ധവും പ്രസിദ്ധപ്പെടുത്തുന്നതിന് ഇന്റർനെറ്റ് അടിസ്ഥിത സമ്പ്രദായങ്ങൾ അവലംബിക്കുക.

- കൂടുതൽ മെച്ചമായ പ്രയോഗം സാധ്യമാകുന്ന വിധത്തിൽ 1986- ലെ ഇ. പി. നിയമം പരിഷ്ക്കരിക്കുക. നിലവിൽ ഇ. പി. നിയമത്തിലെ വിവിധ വകുപ്പുകൾ (21, 22 ഖണ്ഡങ്ങൾ) പ്രകാരമുള്ള അതിക്രമങ്ങൾ ലഘുവും ജാമ്യം ലഭിക്കാൻ അർഹതയുമുള്ളതുമായാണ് കണക്കാക്കിയിരിക്കുന്നത്. ഫലപ്രദമായ നടപടികൾ തടസ്സപ്പെടാനും വൈകാനും ഇത് ഇടയാക്കുന്നു.

## 2. സി. ആർ. സെഡിലെ ഭേദഗതികളിലൂടെ മത്സ്യബന്ധനകുടുംബങ്ങളുടെ വാസ സ്ഥല- ഉപജീവന സുരക്ഷയ്ക്ക് അധികസംരക്ഷണം നൽകുക.

സി. ആർ. സെഡ് III ലെ മത്സ്യത്തൊഴിലാളികളുടെ പാർപ്പിടങ്ങൾ സംബന്ധിച്ച ശുപാർശകൾ.

- 1991-ലെ സി. ആർ. സെഡ് വിജ്ഞാപന പ്രകാരം സി. ആർ. സെഡ് III എന്നു നിർവചിച്ചിരിക്കുന്ന മേഖലയിലാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ഗ്രാമീണ ജനവിഭാഗങ്ങൾ താമസിച്ചു പോരുന്നത്. ഈ മേഖലയിൽ 200 മീറ്റർ വരെയുള്ള എച്ച്. ടി. എല്ലിനുള്ളിൽ വരുന്ന പ്രദേശം വികസന നിരോധനമേഖലയാണ്. ഇവിടെ നിലവിലുള്ള കെട്ടിടങ്ങൾ അവയുടെ തറവിസ്തൃതി സൂചകം (ഫ്ളോർ സ്പേസ് ഇൻഡക്സ്- എഫ്. എസ്.ഐ), നിലവിലുള്ള അടിത്തറ വിസ്തൃതി (പ്ലിന്ത് ഏരിയ), നിലവിലുള്ള സാന്ദ്രത (1991 -ൽ മരവിപ്പിച്ചത്) എന്നിവ അതിലംഘിക്കാതെ കേടുപോക്കൽ നടത്താമെന്നല്ലാതെ പുതുതായുള്ള നിർമ്മാണങ്ങളൊന്നും നടത്താൻ അനുവാദമില്ല. ഈ വികസന നിരോധനമേഖലയിൽ കൃഷി, ഉദ്യാന നിർമാണം, പുൽത്തകിടി നിർമാണം, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവൽക്കരണം എന്നിവ അനുവദനീയമാണ്. അതിലുപരിയായി നിലവിലുള്ള മത്സ്യബന്ധനഗ്രാമങ്ങളുടെ പരമ്പരാഗത അവകാശങ്ങളുടെയും സാമ്പ്രദായിക ഉപയോഗങ്ങളുടെയും പരിധിയിൽ വരുന്നതാണെങ്കിൽ മാത്രമാണ് എച്ച്. ടി. എല്ലിന്റെ 200-500 മീറ്ററിനുള്ളിൽ വാസഗൃഹങ്ങളുടെ നിർമാണം, പുനർ നിർമാണം എന്നിവ അനുവദിച്ചിരിക്കുന്നത്. ഇത്തരം നിർമാണവും പുനർ നിർമാണവും പല വിധത്തിലുള്ള നിയന്ത്രണങ്ങൾക്കു വിധേയമാണ്. പൊതുമഴമറകൾ, പൊതുശൗചാലയങ്ങൾ, ജലവിതരണം, സ്കൂളുകൾ, ഡിസ്പെൻസറികൾ എന്നിങ്ങനെ പ്രാദേശിക ജനതയുടെ അടിസ്ഥാന സൗകര്യങ്ങൾ ഈ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. 1991-ലെ  എഫ്. എസ്. ഐ അടിസ്ഥാനമാക്കി വാസഗൃങ്ങളുടെ നിയന്ത്രിതമായ വികസനം (ഒമ്പതു മീറ്റർ ഉയരം എന്ന പരിധി വച്ചുകൊണ്ട് ഒരു നിലയും അതിന്മേൽ രണ്ടുനില

വരെയും) എന്ന പ്രശ്നം ഏതാനും മത്സ്യത്തൊഴിലാളി സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനായി കുറേക്കൂടി ഉയർന്ന തറവിസ്തൃതി സൂചകത്തിനാണവർ മുൻഗണന കൊടുക്കുന്നത്. ഈ ആവശ്യം ന്യായീകരിക്കാവുന്നതാണെന്ന് തോന്നുന്നു. എന്നിരിക്കിലും ഇത്ര വിലയേറിയ വസ്തുവകകൾ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിലും അവരുടെ തന്നെ ഉപയോഗത്തിലും തുടരുന്നു എന്നുറപ്പാക്കിക്കൊണ്ടു മാത്രമേ ഏതു മാറ്റവും അനുവദിക്കാവൂ. മൂന്നാം മേഖലയിൽ തറവിസ്തൃതി സൂചകം വർധിപ്പിക്കുന്ന കാര്യം ഉപയോഗവും ഉടമസ്ഥതയും സംഭവിച്ച നിയന്ത്രണങ്ങൾക്കു വിധേയമായി ഗവൺമെന്റ് ചർച്ച ചെയ്യുകയും പരിചിന്തിതമായ തീരുമാനം എടുക്കുകയും ചെയ്യേണ്ടതാണെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

ഉപജീവനാനുബന്ധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച ശുപാർശ.

- മത്സ്യത്തൊഴിലാളികളുടെ ഉപജീവനപരമായ ആവശ്യങ്ങൾ, അതായത് മത്സ്യബന്ധനം എന്ന അവരുടെ തൊഴിലുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ 1991-ലെ തീരദേശ നിയന്ത്രണമേഖലാ (സി. ആർ. സെഡ്) വിജ്ഞാപനത്തിൽ അർത്ഥവ്യക്തതയില്ലാതെ ശേഷിക്കുകയാണ്. അതിന്റെ ഫലമോ, തങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ പോലും അവഗണിക്കപ്പെടുന്നതായി മത്സ്യത്തൊഴിലാളി സമൂഹങ്ങൾ നിരവധി സന്ദർഭങ്ങളിൽ പരാതി ഉന്നയിക്കുകയും ചെയ്യുന്നു. മത്സ്യം ഉണക്കുന്നതിനുള്ള സൗകര്യം, ലേലഹാളുകൾ, വലകേടുപോക്കുന്നതിനുള്ള പ്രദേശം എന്നിങ്ങനെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള 1991-ലെ സി. ആർ. സെഡ് വിജ്ഞാപനത്തിൽ വ്യക്തമായ പരാമർശമൊന്നുമില്ല. മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ നേരിട്ടു ബാധിക്കുന്ന ഗുരുതരമായ ക്രമക്കേടാണിത്. 1991-ലെ സി. ആർ.സെഡ് വിജ്ഞാപനം ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച പട്ടിക പുനരവലോകനം ചെയ്യണമെന്നും സോൺ II,II എന്നിവയിലെ അനുവദനീയമായ പ്രവർത്തനങ്ങളുടെ പട്ടികയിൽ അവ ഉൾപ്പെടുത്താൻ നിർദേശിക്കണമെന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. യാതൊരു ദുരുപയോഗത്തിനും കാരണമാകുന്നില്ല എന്നുറപ്പു വരുത്തുന്നതിന് ഈ പട്ടിക ശ്രദ്ധാപൂർവ്വം അവലോകനം ചെയ്യേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് മത്സ്യസംസ്കരണ യൂണിറ്റുകൾ, ഇവയെ അനുവദനീയമായ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ ഇത്തരം യൂണിറ്റുകൾ വളരെ വലുതും മലിനീകരണത്തിനുകാരണമാകുന്നതും മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയ്ക്കു പുറത്തുള്ളതുമാ

യിരിക്കും എന്നു വ്യക്തമാണ്.

- സി. ആർ. സെഡ് III -ലെ വികസന നിരോധനമേഖലയിൽ (0-200 മീറ്റർ) വാസഗൃഹങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും ടൂറിസം മുതലായ സാമ്പത്തിക പ്രവർത്തനമൊന്നും അനുവദിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിൽ അത്തരം പ്രവർത്തനങ്ങൾകൂടി ഈ മേഖലയിൽ അനുവദിക്കണമെന്ന ആവശ്യം വർദ്ധിച്ചു വരികയാണ്. എത്ര തന്നെ നിയമാനുസൃതമാണെങ്കിൽ കൂടി ഈ മേഖലയിൽ ടൂറിസം യൂണിറ്റുകൾ കണക്കില്ലാതെ പെരുകുന്നതിനു മാത്രമേ ഈ ആവശ്യം ഇടയാക്കൂ. പിന്നീട് അവയെ വലുപ്പം, ആഘാതം, ഉടമസ്ഥത എന്നീ കാര്യങ്ങളിൽ നിയന്ത്രിക്കുന്നതു ദുഷ്കരമായി മാറാം. അതിനാൽ ഈ ഭേദഗതി അഥവാ പരിഗണിച്ചാൽ തന്നെ, അങ്ങേയറ്റത്തെ ജാഗ്രതയോടെയായിരിക്കണം അങ്ങനെ ചെയ്യുന്നത് എന്ന കാഴ്ചപ്പാടാണ് ഈ സമിതിക്കുള്ളത്.

മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കായി നിയമനിർമാണം നടത്തുന്നതു സംബന്ധിച്ച ശുപാർശകൾ.

- വികസന പദ്ധതികൾ തങ്ങളെ ഉപജീവന മാർഗ്ഗത്തിൽ നിന്നും ഭവനങ്ങളിൽ നിന്നും ബഹിഷ്കൃതരാക്കിയതു സംബന്ധിച്ച് മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ സാക്ഷ്യങ്ങൾ ഈ സമിതി കേൾക്കാനിടയായി. ഉദാഹരണത്തിന് മുംബൈയിലെ വെർസോവ, ആന്ധ്രാപ്രദേശ് തീരത്തെ മച്ചലിപട്ടണം, ഗുജറാത്തിലെ മുന്ദ്ര തുടങ്ങിയ സ്ഥലങ്ങളിൽ ഭവനനിർമാണ പദ്ധതികൾ മുതൽ തുറമുഖങ്ങൾ വരെ മത്സ്യത്തൊഴിലാളികളുടെ അധിവാസമേലകളിലേയ്ക്ക് അതിക്രമിച്ചുകയറുകയും അവരുടെ നിത്യവൃത്തിയെ ദോഷകരമായി ബാധിക്കുകയും ചെയ്തു. പ്രബലരായ കോർപ്പറേഷനുകൾക്കും നിർമാണ കരാറുകാർക്കുമെതിരെയുള്ള തങ്ങളുടെ പ്രക്ഷോഭങ്ങൾ വളരെ ദീർഘിച്ചതും ദുഷ്ക്കരവുമാകുന്നതെങ്ങനെയെന്ന് മത്സ്യത്തൊഴിലാളികൾ വിവരിക്കുകയുണ്ടായി. 2006-ലെ പരമ്പരാഗത വനവാസി നിയമത്തിന്റെ മാതൃകയിൽ ഇക്കാര്യത്തിലും പ്രത്യേകനിയമനിർമാണം പരിഗണിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് തീരപരിപാലനമേഖലയുടെ (സി. എം. സെഡ്) അവലോകനത്തിനായുള്ള പാർലമെന്ററി സമിതി മുമ്പാകെ പ്രഫ. എം. എസ്. സ്വാമിനാഥൻ സമർപ്പിച്ച ശുപാർശ ഈ സമിതി ശരിവയ്ക്കുന്നു. അതതു കേന്ദ്രമന്ത്രിസഭകൾ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് ഇതു കൂടിയേ തീരൂ.

**3. മുംബൈയുടെ വികസനവും പുനർവികസനവും സംബന്ധിച്ച പ്രശ്നങ്ങൾ നിശ്ചിത പ്രദേശത്തിനു മാത്രമായുള്ള ഭേദഗതികളിലൂടെ പരിഹരിക്കുക.**

- മുംബൈയുടെ പ്രത്യേകസാഹചര്യവും അവിടെ നിലവിലുള്ള വസ്തുവകകളുടെ പുനർവികസനത്തിന്റെ ആവശ്യവും സമിതി തിരിച്ചറിയുന്നു.

സി. ആർ. സെഡ് II വിഭാഗത്തിലുള്ള മറ്റു തീരപ്രദേശങ്ങളുടെ കാര്യത്തിൽ അനുപേക്ഷണീയമായ ക്രമീകരണ നിയന്ത്രണങ്ങൾ താറുമാറാക്കാതെ ചില പ്രദേശങ്ങളിൽ മാത്രമായി പുനർവികസനത്തിന് അനുമതി നല്കേണ്ടതെങ്ങനെയെന്ന്, അതേസമയം, വ്യക്തമാകുന്നതുമില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധാപൂർവമായ സമീപനം കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ചില പ്രത്യേക പ്രദേശങ്ങളിൽ ചില പ്രത്യേക കെട്ടിടങ്ങൾക്കുമാത്രമായി നിയന്ത്രിതമായ തോതിലുള്ള നിർമ്മാണത്തിലൂടെ പുനർ വികസനം അനുവദിക്കുന്നത് ഒരു സാധ്യതയാണ്.

- സി.ആർ. സെഡ് മേഖലകളിൽ സ്വകാര്യനിർമ്മാതാക്കളെ അടിസ്ഥാനപ്പെടുത്തിയുള്ള കെട്ടിടനിർമ്മാണ പദ്ധതികൾ സംബന്ധിച്ച് വിവിധ സംസ്ഥാന ഗവൺമെന്റുകൾ കൈക്കൊണ്ടിരിക്കുന്ന നയങ്ങളിൽ പുനരവലോകനം കൂടിയേ തീരൂ. പാരിസ്ഥിതിക സുരക്ഷയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാതെ നിലവിലുള്ള പാർപ്പിടങ്ങളുടെ ആവശ്യങ്ങൾ നേരിടാൻ തക്കവിധം ഈ വികസനത്തെ ഉപയോഗിക്കാനാവും വിധം ഭവന പദ്ധതികൾക്ക് പൊതുധനം ഉപയോഗിക്കാനുള്ള സാധ്യതയും ഗവൺമെന്റ് പരിഗണിക്കണം.

**4. തീരദേശത്ത് ഏറെ ആഘാത സാധ്യതയുണ്ടാക്കുന്ന വിധം തുറമുഖങ്ങൾ വ്യാപകമാകുന്ന സാഹചര്യം കൈകാര്യം ചെയ്യുന്നതിന് ഇത്തരം വികസനങ്ങളുടെ സഞ്ചിതാഘാതം കണക്കിലെടുത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.**

- ഇത്തരം വികസനങ്ങളോരോന്നും തീരപ്രദേശത്തിന് ഗുരുതരമായ ഭീഷണിയായി മാറുകയാണെന്ന കാഴ്ചപ്പാടാണ് സമിതിക്കുള്ളത്. കടപ്പുറങ്ങൾ ഗുരുതരമായ തോതിൽ ഒലിച്ചു പോകുന്നതും തീര രേഖ പ്രകടമായ വിധത്തിൽ തന്നെ മാറ്റത്തിനു വിധേയമാകുന്നതും ഇതിന്റെ ഭാഗമാണ്. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ തീരപ്രദേശത്തുടനീളം തുറമുഖങ്ങളും കപ്പൽ സങ്കേതങ്ങളും വരുംവർഷങ്ങളിൽ നിർമ്മിക്കാൻ പദ്ധതിയിടുകയാണെങ്കിൽ അവ അപരിഹാര്യമായ ആഘാതങ്ങൾ തീരമേഖലയ്ക്കുണ്ടാക്കും. അതിനാൽ ഈ സമിതി ചുവടെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

  (i) ഓരോരോ പദ്ധതിമൂലവും തീരമേഖലയ്ക്കുള്ള സഞ്ചിതാഘാതം സംബന്ധിച്ച് ഗവൺമെന്റ് സത്വരമായി പഠനം നടത്തണം. ഈ പഠനം പൂർത്തിയാകുവോളം നിലവിലുള്ള തുറമുഖങ്ങളുടെ വികസനത്തിനും പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനും മോറട്ടോറിയം ഏർപ്പെടുത്തണം.

  (ii) കടലിന് അഭിമുഖമായി വരുന്ന ഭാഗങ്ങൾ കൂടി പരിഗണനയിലെടുത്ത് സി.ആർ. സെഡ് 1991 പരിഷ്കരിക്കണം. കടലിനും കടൽ കരയോടു

ചേരുന്ന ഭാഗത്തിനുമുണ്ടാകുന്ന ആഘാതത്തിനനുസൃതമായി തുറമുഖ പദ്ധതികളെ നിയന്ത്രിക്കാൻ ഇതിലൂടെ സാധിക്കും.

(iii)2009 ജനുവരി 9-ലെ ഇ.ഐ.എ. വിജ്ഞാപനത്തിൽ നിർദേശിച്ചിരിക്കുന്ന ഭേദഗതികൾ പ്രകാരം മലിനീകരണത്തിന്റെ തോതിൽ വർധന വരുത്താത്തതും ഭൂമി, ജലം എന്നിവയ്ക്ക് അധികമായി ആവശ്യം ഉന്നയിക്കാത്തതുമായ നവീകരണ, വികസന പദ്ധതികൾ പരിസ്ഥിതി അനുമതി നേടുന്നതിൽ നിന്ന് ഒഴിവാക്കപ്പെടുന്നു.

**5. തീരക്കടലിലേക്കു മാലിന്യങ്ങൾ പുറംതള്ളപ്പെടുകയും അതുവഴി കരഭൂമിയിലെ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ചെലവു കുറഞ്ഞ ഉപാധിയായി കടൽ വെള്ളത്തെ കണക്കാക്കുകയും ചെയ്യുന്നതിനെതിരെ കടുത്ത നിയന്ത്രണ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക.**

- കടൽ മലിനമാകുന്നതിന്റെ തോതു കുറയ്ക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു. മാലിന്യങ്ങൾ പുറംതള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കടൽ വെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ചു മനസിലാക്കുന്നതിന് ശക്തമായ നിരീക്ഷണപദ്ധതിയും അതിന്റെ വിവരശേഖരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം. സമുദ്രജലത്തിന്റെ അടിത്തട്ടിൽ മാലിന്യങ്ങൾ എത്തിക്കുന്നതിന് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത് തടഞ്ഞുകൊണ്ട് സി.ആർ.സെഡ്. 1991 ഭേദഗതിചെയ്യണം.

**6. ആന്തമാൻ, നിക്കോബാർ, ലക്ഷദ്വീപ് ദ്വീപുകളിൽ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം പുതിയ നിർവ്വഹണക്രമം ഏർപ്പെടുത്തുക.**

- ആന്തമാൻ, നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ഇതര തീരപ്രദേശങ്ങളിലെന്ന പോലെ പൊതുവായി 500 മീറ്റർ പരിധിയിലെ നിയന്ത്രണം 1991-ലെ സി.ആർ.സെഡ് വിജ്ഞാപനം മുഖേന ഏർപ്പെടുത്തിയിരിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. വ്യത്യസ്തമായി നിലകൊള്ളുന്നതും വ്യത്യസ്ത വിസ്തൃതിയിലുള്ളതുമായ ദ്വീപുകളിൽ ഇതിന്റെ ഫലമായി വ്യത്യസ്തമായ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
- ദ്വീപുകളുടെ സംയോജിത മേൽനോട്ടത്തിനായി പ്രത്യേകമായി ദ്വീപു സംരക്ഷണ മേഖലാ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പരിസ്ഥിതി, ദ്വീപുകളിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾ, കടലേറ്റം, ചിരസ്ഥായിയായ വികസനം, 2004 ഡിസംബർ 26-ലെ സുനാമിയുടെ പ്രത്യാഘാതങ്ങൾ എന്നിവ ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സന്ദർഭത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്. ദ്വീപ് ഭരണസംവിധാനവും ജനങ്ങളുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്തിയശേഷമായിരിക്കണം ദ്വീപു സംരക്ഷണ മേഖലാ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്.

7. **‘അപായകരമാം വിധം കടന്നുകയറ്റം ഉണ്ടാകാവുന്ന തീരമേഖലകൾ’ എന്ന രീതിയിലോ മറ്റോ പുതിയൊരു കടൽ സംരക്ഷണ ക്രമം നടപ്പിലാക്കുക. പ്രാദേശിക ജന സമൂഹങ്ങളിൽ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ കടൽ സംരക്ഷണ നയങ്ങൾ മൂലം ഉളവായ പ്രത്യാഘാതങ്ങൾ ശ്രദ്ധാപൂർവ്വമായും ബോധപൂർവ്വമായും പഠനവിധേയമാക്കിയതിന് ശേഷമാകണം ഇത് നടപ്പാക്കുന്നത്.**

- ചിക്ക, പുലിഘട്ട്, പിച്ചവാരം, മാന്നാർ കടലിടുക്ക്, വേമ്പനാട്, കൊറിങ്ക, കച്ച് കടലിടുക്ക് എന്നിങ്ങനെ രാജ്യത്തെ തീരമേഖലയിൽ വിശാലമായ മറൈൻ പാർക്കുകളും ജന്തു, ജീവി സംരക്ഷണ കേന്ദ്രങ്ങളും ദേശീയോദ്യാനങ്ങളും നിലവിലുള്ളതായി ഈ സമിതിക്കു ബോദ്ധ്യമുണ്ട്. ഇവിടെയൊക്കെയും താമസമാക്കിയിരിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുമുണ്ട്. ഇത്തരം വിസ്തൃതമായ ആവാസ വ്യവസ്ഥകൾ സവിശേഷമായ ശ്രദ്ധയർഹിക്കുന്നു. ഏതു വികസന പ്രവർത്തനവും ഇവയെ ഗുരുതരമായി ബാധിക്കുന്നതുകൊണ്ടും ഇവ പ്രാദേശിക ജന സമൂഹങ്ങൾക്ക് നിത്യവൃത്തിക്കുള്ള മാർഗ്ഗം പ്രദാനം ചെയ്യുന്നതുകൊണ്ടുമാണിത്.
- മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ഇവിടങ്ങളിൽ ‘അപായകരമാം വിധം കടന്നുകയറ്റം ഉണ്ടാകാവുന്ന തീരമേഖലകൾ’ സ്ഥാപിക്കുന്നത് സംബന്ധിച്ച് മന്ത്രാലയത്തിന് കാഴ്ചപ്പാടുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. **കൃത്യമായ നിർവ്വചനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകളുടെ സംരക്ഷണം ശക്തിപ്പെടുത്തുക.**

- രാജ്യവ്യാപകമായി നിലവിലുള്ളതും വികസിപ്പിക്കാൻ സാധ്യതയുള്ളതുമായ കണ്ടൽ വന പ്രദേശങ്ങളുടെ ഭൂപട ചിത്രീകരണം മന്ത്രാലയം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. സംരക്ഷണം ആവശ്യമായ കണ്ടൽ വന മേഖലകൾക്ക് ഇതിനൊപ്പം കൃത്യമായ നിർവ്വചനം നൽകുകയും വേണം. ഇത്തരം കണ്ടൽ വനങ്ങളെയും അനുയോജ്യമായ മറ്റു പ്രദേശങ്ങളെയും ‘ഗ്രീൻ ഇന്ത്യ പദ്ധതി’ പോലെയുള്ള വനവൽക്കരണ പദ്ധതികളിൽ ഉൾപ്പെടുത്തണം. നാശോന്മുഖമായ കണ്ടൽക്കാടുകൾ, കടൽത്തീരങ്ങൾ, കടൽ മണപ്പുറങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കൂടി ഇത്തരം പദ്ധതിയുടെ ഭാഗമാക്കുകയും വേണം. എല്ലാ കണ്ടൽവന പ്രദേശങ്ങളും ജൈവകവചങ്ങളും കടലിന്റെ ഉത്പാദനക്ഷമമായ മേഖലകളാണെന്നതിനാൽ കർശനമായി സംരക്ഷിച്ചേ തീരൂ.

9. **തീരങ്ങളുടെ കടലിന് അഭിമുഖമായി വരുന്ന ഭാഗങ്ങളെ നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ ഭീഷണികളിൽ നിന്ന് അവയെ സംരക്ഷിക്കുന്നതിനായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുക. മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗത്തിന് തടസ്സമൊന്നുമു**

**ണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുന്ന മുൻകരുതലുകളോടെയാകണം ഇത് നടപ്പാക്കുന്നത്.**

- കടലിലെ ജലബലതന്ത്രത്തെ ആശ്രയിച്ചാണ് തീരദേശത്തിന്റെ പരിസ്ഥിതി നിലനിൽക്കുന്നത്. കടൽ ജലത്തിന്റെ കാര്യത്തിലുള്ള ആസൂത്രണം കൂടാതെ കടലിനോടു ചേർന്ന ഭൂമിയുടെ ആസൂത്രണം നടപ്പാകില്ല. അതിലുപരിയായി മലിനീകരണം മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ വരെ കരയിൽ നടക്കുന്ന ഏതു പ്രവർത്തനത്തിന്റെയും ഗുരുതരമായ പ്രത്യാഘാതങ്ങൾ കടലിൽ ഉണ്ടാകുകയും ചെയ്യും.
- സി.ആർ. സെഡ് 1991-ൽ കടലിന് അഭിമുഖമായി വരുന്ന ഭാഗങ്ങൾക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. മത്സ്യത്തൊഴിലാളി സമൂഹങ്ങൾ മുന്നോട്ടു വയ്ക്കുന്ന ആശങ്കകൾ കണക്കിലെടുക്കുന്നതും അവയ്ക്ക് ശക്തവും ഫലപ്രദവുമായ സുരക്ഷാമുൻകരുതലുകൾ പരിഗണിക്കുന്നതുമാകണം ഭേദഗതി.

**10. എല്ലാ തലങ്ങളിലുമുള്ള ഗവേഷണവും തിരുത്തൽശേഷിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തുക.**

- തീരമേഖലകൾ വ്യാപകമായ വെല്ലുവിളികൾ നേരിടുന്നു എന്നത് വളരെ വ്യക്തമാണ്. ഇവയെ വേണ്ടരീതിയിൽ കൈകാര്യം ചെയ്യണമെങ്കിൽ തീരദേശങ്ങൾക്കായുള്ള ഗവേഷണ കേന്ദ്രങ്ങൾ നമുക്കാവശ്യമാണ്. നിലവിൽ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും വിജ്ഞാന വികസനത്തിനുമിടയിൽ വളരെ വലിയൊരു വിടവാണുള്ളത്. നയങ്ങളെയും പ്രവർത്തന രീതികളെയും പരിവർത്തിപ്പിക്കുന്നതിനായി അറിവിനെ ഉപയോഗിക്കുന്നതിലാണ് പ്രധാനമായും ഈ വിടവ് പ്രകടമാവുന്നത്. തീരമേഖലാ പരിപാലനത്തിനായി പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ തീരുമാനങ്ങളെടുക്കുന്നതിന് കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും നിലവിലുള്ള നിയന്ത്രണ സംവിധാനങ്ങളെ ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്.
- വനം-പരിസ്ഥിതി മന്ത്രാലയത്തെയും സംസ്ഥാന ഗവൺമെന്റുകളെയും സഹായിക്കുന്നതിനും തർക്ക പരിഹാരപഠനങ്ങൾ ഏറ്റെടുക്കുന്നതുൾപ്പെടെ, നയ, നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി 'തീരങ്ങളുടെ സ്ഥായിയായ പരിപാലനത്തിനുള്ള ദേശീയ ബോർഡ്' സ്ഥാപിക്കേണ്ടതാണ്.

**11. കടൽജല നിരപ്പുയരുന്നതും തീരങ്ങൾ അപായപ്പെടുന്നതും സംബന്ധമായ ഭാവിയിലെ ഭീഷണികൾ നേരിടുന്നതിനും മുന്നൊരുക്കം നടത്തുന്നതിനുമായുള്ള നയങ്ങൾ രൂപീകരിക്കുക.**

- കടൽക്ഷോഭങ്ങൾ, കടലേറ്റത്തിരകൾ എന്നിവ ഭാവിയിൽ വൻതോതിൽ വർധിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. കടലിലെ ജലനിരപ്പ് വരുംകാല

ങ്ങളിൽ ഉയർന്നേക്കാവുന്ന സാധ്യതയും നിലവിലുണ്ട്. ഇവമൂലം രാജ്യത്തെ തീരമേഖലകൾ ഭീഷണി നേരിട്ടേക്കാമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ഇവ തീരപ്രദേശത്ത് താമസിക്കുന്നവരുട ജീവന് ആപൽ ഭീഷണി ഉയർത്തുമെന്ന് മാത്രമല്ല, അനേക ലക്ഷങ്ങൾക്ക് ഉപജീവന മാർഗ്ഗം പ്രദാനം ചെയ്യുന്ന തീരപരിസ്ഥിതി വ്യവസ്ഥതയിൽ ആപത്ക്കരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുകയും ചെയ്യും. അതിനാൽ തീരമേഖലയിലുടനീളം ആപൽ രേഖയും ആപൽ സാധ്യതാ രേഖയും നൽകി വേർതിരിക്കുന്നതിനുള്ള പദ്ധതി മന്ത്രാലയം ഏറ്റെടുത്തേ തീരൂ. ഭാവിയിലെ കടൽ ജലനിരപ്പ് വർദ്ധനയും മറ്റ് ഭീഷണികളും മൂലമുള്ള ആപൽ സാധ്യത കണക്കിലെടുക്കുന്നതിന് ഇത്തരം നടപടിയിലൂടെയേ കഴിയൂ.

പ്രസിദ്ധീകരിക്കുന്നത്: